പതിമൂന്നാം കേരള നിയമസഭ

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2014-16)

**ആറാമത് റിപ്പോർട്ട്**

(2014 ഡിസംബർ 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(സർവ്വകലാശാലകളുടെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് ചെയ്ത കണക്കുകളും നിയമസഭയിൽ സമർപ്പിക്കുന്നതിലെ കാലതാമസം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്)**

51/2015.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| ആമുഖം | .. | ix |
| റിപ്പോർട്ട് | .. | 1 |

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി

## (2014-16)

### സമിതിയുടെ ഘടന

അദ്ധ്യക്ഷൻ :

ശ്രീ. ജോസ് തെറ്റയിൽ

അംഗങ്ങൾ :

ശ്രീ. ബാബു എം. പാലിശ്ശേരി

,, പി. കെ. ബഷീർ

,, കെ. ദാസൻ

,, റോഷി അഗസ്റ്റിൻ

,, വി. പി. സജീന്ദ്രൻ

,, വി. ശിവൻകുട്ടി

,, എം. എ. വാഹീദ്

,, എം. പി. വിൻസെന്റ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി ജെ. മേരി ഗ്രേസി, ജോയിന്റ് സെക്രട്ടറി

,, എ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. പി. വി. ചന്ദ്രദാസ്, അണ്ടർ സെക്രട്ടറി.

# മുഖവുര

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2014-2016)-യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സർവ്വകലാശാലകളുടെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് ചെയ്ത കണക്കുകളും നിയമസഭയിൽ സമർപ്പിക്കുന്നതിലെ കാലതാമസം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2014 ഡിസംബർ 15-ാം തീയതി കൂടിയ സമിതിയോഗം അംഗീകരിച്ചു.

ജോസ് തെറ്റയിൽ,

*അദ്ധ്യക്ഷൻ,*

*മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,

2014 ഡിസംബർ 16.

# ആമുഖം

വിവിധ പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക/ഭരണ/ഓഡിറ്റ് റിപ്പോർട്ടുകൾ യഥാസമയം മേശപ്പുറത്തു വയ്ക്കുന്നതിനും കാലതാമസം ഉണ്ടാകുകയാണെങ്കിൽ ആയതിനുള്ള കാരണം പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിനും രൂപീകരിച്ച നിയമസഭാ സമിതിയാണ് മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി. ഒൻപതാം കേരള നിയമസഭയുടെ ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ 1995 ഏപ്രിൽ 28-ാം തീയതി കേരള നിയമസഭയുടെ മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി രൂപീകരിച്ചു.

പതിമൂന്നാം കേരള നിയമസഭയുടെ മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച നിലവിലുള്ള സമിതി 2014 മേയ് 30-ാം തീയതി രൂപീകൃതമായി. സമിതിയുടെ ഇടപെടൽമൂലം നിയമസഭയിൽ കണക്കുകളും റിപ്പോർട്ടുകളും സമർപ്പിക്കാൻ ബാദ്ധ്യതയുള്ള ചില സ്ഥാപനങ്ങളുടെയെങ്കിലും വാർഷിക റിപ്പോർട്ടുകളും കണക്കുകളും സമയബന്ധിതമായി സഭയിൽ സമർപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നത് വളരെ ചാരിതാർത്ഥ്യത്തോടെ ഈ അവസരത്തിൽ സമിതി സ്മരിക്കുന്നു. എന്നാൽ സർവ്വകലാശാലകൾ ഉൾപ്പെടെയുള്ള ഭൂരിപക്ഷം സ്ഥാപനങ്ങളുടെയും റിപ്പോർട്ടുകളും കണക്കുകളും നിയമസഭയിൽ സമർപ്പിക്കുന്നതിൽ ഗുരുതര വീഴ്ച വരുത്തുന്നു എന്നത് ഈ സമിതിയുടെ ആവശ്യകതയിലേക്കും ഇടപെടലുകളിലേക്കുമാണ് വിരൽ ചൂണ്ടുന്നത്.

# സർവ്വകലാശാലകളുടെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് ചെയ്ത കണക്കുകളും നിയമസഭയിൽ സമർപ്പിക്കുന്നതിലെ കാലതാമസം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

ഇന്ത്യാ മഹാരാജ്യത്ത് ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് വിദ്യാഭ്യാസ മേഖലയിൽ ഗണ്യമായ പുരോഗതി നേടിയ സംസ്ഥാനമാണ് കേരളം. കലാ കായിക വൈജ്ഞാനിക മേഖലയിൽ കേരളം നേടിയ ഈ പുരോഗതിയിൽ സർവ്വകലാശാലകളുടെ പങ്ക് വിസ്മരിച്ചുകൂടാനാവാത്തതാണ്.

2. കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽനിന്നും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനിൽ നിന്നും മറ്റും സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് അവയുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി ധനസഹായം ലഭിക്കുന്നു. സംസ്ഥാന സർക്കാരിൽ നിന്നുൾപ്പെടെ സാമ്പത്തിക സഹായം സ്വീകരിക്കുന്ന സർവ്വകലാശാലകൾ ആയതിന്റെ വാർഷിക റിപ്പോർട്ടുകളും ഓഡിറ്റ് റിപ്പോർട്ടുകളും യഥാസമയം നിയമസഭയുടെ മേശപ്പുറത്തുവയ്ക്കാൻ ബാദ്ധ്യസ്ഥരാണ്. നിയമസഭ പാസ്സാക്കി അനുവദിച്ചുതരുന്ന ഈ ഫണ്ട് ശരിയായ രീതിയിൽ വിനിയോഗിച്ചോ എന്ന് അറിയാനും അത് പരിശോധിക്കുവാനും നിയമസഭയ്ക്ക് അവകാശമുണ്ട്.

3. സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകൾക്ക് വിവിധ മേഖലകളിൽനിന്നും ലഭിക്കുന്ന തുകയുടെ വിനിയോഗവും അതിന്റെ കണക്കുകളും ശരിയായ രീതിയിലാണോ എന്നത് പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകേണ്ടത് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പാണ്. കണക്കുകൾ പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് യഥാസമയം സർവ്വകലാശാലകൾക്ക് നല്കുന്നതിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗത്തിന് സമയ ക്ലിപ്തത പാലിക്കാൻ സാധിച്ചിട്ടില്ലെന്ന് സമിതി മുമ്പാകെ ഹാജരായി വിവരങ്ങൾ നല്കിയ വിവിധ സർവ്വകലാശാലാ ഉദ്യോഗസ്ഥരിൽനിന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഉദ്യോഗസ്ഥരിൽ നിന്നും സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു.

4. സംസ്ഥാനത്ത് ഭരണഘടനാപരവും സംസ്ഥാന ഗവൺമെന്റ് പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിലും രൂപീകൃതമായ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് അവരുടെ കൃത്യനിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച വരുത്തിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. സംസ്ഥാന സർക്കാരിനോടും നിയമസഭയോടും അതിലൂടെ പൊതു സമൂഹത്തോടും ഭാരിച്ച ഉത്തരവാദിത്വമുള്ള ഈ വകുപ്പിന്റെ കൃത്യവിലോപം മാപ്പർഹിക്കാത്തതാണെന്ന് സമിതി വിലയിരുത്തുന്നു.

5. സർവ്വകലാശാലകളുടെ വാർഷിക കണക്കുകൾ സഭയിൽ സമർപ്പിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതുമായി ബന്ധപ്പെട്ട് മുൻകാല സമിതികൾ സഭയിൽ സമർപ്പിച്ചിട്ടുള്ള മിക്ക ശിപാർശകൾക്കും ബന്ധപ്പെട്ട വകുപ്പുകൾ നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല എന്നത് സമിതിയോടും സഭയോടുമുള്ള അനാദരവാണ് സൂചിപ്പിക്കുന്നതെന്ന് സമിതി ചൂണ്ടിക്കാട്ടി. സർവ്വകലാശാലകളുടെ നിയമവും മറ്റ് കീഴ്‌വഴക്കങ്ങളും പ്രകാരം നിശ്ചയിക്കപ്പെട്ട സമയത്ത് സഭയിൽ സമർപ്പിക്കാത്ത റിപ്പോർട്ടുകൾ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കേണ്ടതാണെന്ന് സമിതി

ആവർത്തിച്ചാവശ്യപ്പെട്ടിട്ടും ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഭരണ വകുപ്പ് കുറ്റകരമായ മൗനം തുടരുകയാണെന്ന് സമിതി മനസ്സിലാക്കുന്നു. സർവ്വകലാശാലാ നിയമങ്ങളിൽ കണക്കുകൾ സമർപ്പിക്കുന്നത് സംബന്ധിച്ച വ്യക്തത വരുത്തിയിട്ടില്ലാത്ത സർവ്വകലാശാലകൾ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് അനുസരിച്ചാണ് ഓഡിറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കേണ്ടത് എന്നിരിക്കെ പല സ്ഥാപനങ്ങളും ഈ നിയമങ്ങളിലെ വ്യവസ്ഥകൾ പ്രകാരമല്ല റിപ്പോർട്ടുകൾ തയ്യാറാക്കി സഭയിൽ സമർപ്പിക്കുന്നതെന്നത് സമിതി വളരെ ഗൗരവത്തോടെയാണ് നോക്കി കാണുന്നത്.

6. കേരള, കാലിക്കറ്റ്, എം.ജി. സർവ്വകലാശാലകളുടെ നിയമത്തിൽ ഗവൺമെന്റിൽ ലഭിക്കുന്ന റിപ്പോർട്ടുകൾ 'എത്രയും പെട്ടെന്ന്' (as soon as) നിയമസഭയിൽ സമർപ്പിക്കണമെന്നും കുസാറ്റിന്റെ നിയമത്തിൽ റിപ്പോർട്ടുകൾ നിയമസഭയിൽ സമർപ്പിക്കണമെന്നും മാത്രമാണ് പറയുന്നത്. റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിന് സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് ഒരു ഏകീകൃത സ്വഭാവമില്ലാത്തത് റിപ്പോർട്ട് സമർപ്പണത്തിൽ അനിശ്ചിതമായ കാലതാമസം ഉണ്ടാക്കുന്നുവെന്നും ഈ അവ്യക്തതയാണ് കണക്കുകളും റിപ്പോർട്ടുകളും സഭയിൽ സമർപ്പിക്കുന്നതിൽ വർഷങ്ങളുടെ കാലതാമസം ഉണ്ടാക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. ഇത് ഒട്ടും ആശാവഹമല്ലാത്തതും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നതുമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ സെക്ഷൻ 3, 23 എന്നിവ പ്രകാരം സർവ്വകലാശാലകൾ കണക്കുകൾ സഭയിൽ സമർപ്പിക്കാൻ ബാദ്ധ്യസ്ഥരാണ്. മേൽ സാഹചര്യത്തിൽ കണക്കുകളോ റിപ്പോർട്ടുകളോ യഥാസമയം സഭയിൽ സമർപ്പിക്കാതിരിക്കുന്നത് സഭയോട് കാണിക്കുന്ന അനാദരവായി സമിതി വിലയിരുത്തുന്നു.

7. സർവ്വകലാശാലകൾ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ സെക്ഷൻ 3(1)-ലെ ഷെഡ്യൂൾ പ്രകാരം ലോക്കൽ അതോറിറ്റിയാണ്. ആയതിനാൽ കേരളത്തിലെ എല്ലാ സർവ്വകലാശാലകളും ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വ്യവസ്ഥകൾക്ക് അനുസരിച്ച് പ്രവർത്തിക്കുവാൻ ബാദ്ധ്യസ്ഥരാണ്. ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ സെക്ഷൻ 9-ൽ ഇങ്ങനെ വ്യവസ്ഥ ചെയ്തിരിക്കുന്നു.

"*സെക്ഷൻ 9:* Liability of local authorities to prepare and present accounts for audit—സബ്-സെക്ഷൻ 9(1) The accounts of a Local Authority or a Local fund included in the Schedule relating to a financial year shall be prepared or caused to be prepared by the Executive authority, in such form and in such manner as may be prescribed, and presented for audit within four months of the close of that financial year.

*സബ്-സെക്ഷൻ 9(2):* Where an Executive authority makes default in the preparation and presentation of accounts for audit within the period specified under sub-section (1) he shall be punishable, on conviction, with fine which may extend to three thousand rupees but which shall not be less than one thousand rupees:

Provided that the court may, for any adequate and special reasons to be recorded in the judgement, impose a fine of less than one thousand rupees.

*സബ്-സെക്ഷൻ 9(3):* No proceedings under sub-section (2) shall be taken by the Director without giving the person affected thereby an opportunity to show cause, within fifteen days, why such proceedings should not be taken against him".

8. ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ സെക്ഷൻ 22-ൽ "If any provision contained in any other law for the time being in force relating to the audit of accounts of a local authority or a local fund included in the schedule is repugnant to the provisions of this Act, the latter shall prevail and the former be void to the extent of such repugnancy" എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് സർവ്വകലാശാലാ നിയമങ്ങളിൽ ഏതു വ്യവസ്ഥ ഉണ്ടായിരുന്നാൽ തന്നെയും കണക്കുകൾ ഓഡിറ്റു ചെയ്യുന്നതിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വ്യവസ്ഥകൾക്കായിരിക്കും പ്രാമുഖ്യം എന്ന് വിവക്ഷിക്കാവുന്നതാണ്.

9. പ്രസ്തുത ആക്ടിലെ സെക്ഷൻ 9(1) അനുസരിച്ച് ഓരോ സർവ്വകലാശാലയും അവരുടെ കണക്കുകൾ സാമ്പത്തികവർഷം അവസാനിച്ച് നാലുമാസത്തിനുള്ളിൽ ലോക്കൽ ഫണ്ട് ഓഡിറ്റിനായി ലഭ്യമാക്കേണ്ടതുണ്ട്. സമിതി മുമ്പാകെ വിവിധ സർവ്വകലാശാലകൾ ലഭ്യമാക്കിയ വിവരങ്ങൾ അനുസരിച്ച് ഒരു സർവ്വകലാശാലപോലും ഈ വ്യവസ്ഥ പാലിക്കുന്നില്ല എന്ന് മനസ്സിലാക്കുന്നു.

10. ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ സെക്ഷൻ 9(1) അനുസരിച്ച് കണക്കുകൾ ഓഡിറ്റിനായി നൽകുന്നതിൽ വീഴ്ച വരുത്തുന്ന സർവ്വകലാശാല ഉദ്യോഗസ്ഥർക്കെതിരെ ആക്ടിലെ സെക്ഷൻ 9(2) പ്രകാരം ശിക്ഷാ നടപടികൾക്ക് വ്യവസ്ഥയുണ്ട്.

11. ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ സെക്ഷൻ 10-ൽ ഇങ്ങനെ വ്യവസ്ഥ ചെയ്തിരിക്കുന്നു:

*"സെക്ഷൻ 10: Completion of Audit of Accounts.*—The audit of the accounts prepared and presented for audit under section 9 shall be completed by the auditor within 6 months of the date of its presentation of audit, failing which the officer responsible for the audit shall be liable to be proceeded against to under the provisions of the Kerala Civil Services (Classification, Control and appeal) Rules, 1960".

12. ഇതനുസരിച്ച് ഒരു സ്ഥാപനം ഓഡിറ്റിനായി കണക്കുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് സെക്ഷൻ 9(1) അനുസരിച്ച് ലഭ്യമാക്കിയാൽ ആറു മാസത്തിനുള്ളിൽ ഓഡിറ്റ് പൂർത്തിയാക്കി നൽകണമെന്നും ഇതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കേരള സിവിൽ സർവ്വീസസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ ആന്റ് അപ്പീൽ) റൂൾസ്, 1960 അനുസരിച്ച് ശിക്ഷാ നടപടികൾക്ക് വിധേയനാക്കണമെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു.

13. ധനകാര്യ വകുപ്പിൽനിന്നും സർവ്വകലാശാലകൾക്ക് അനുവദിക്കുന്ന ഫണ്ട് ഫലപ്രദമായി വിനിയോഗിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നത് ഭരണ വകുപ്പായ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയാണെന്നും ഗവൺമെന്റിൽ ലഭിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ യഥാസമയം സഭയിൽ സമർപ്പിക്കുന്നതിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ചയാണ് ഉണ്ടായിരിക്കുന്നതെന്നും സമിതി വിലയിരുത്തുന്നു.

14. സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകൾ അവയുടെ വാർഷിക റിപ്പോർട്ടുകളും കണക്കുകളും നിയമസഭയിൽ സമർപ്പിച്ചത് സംബന്ധിച്ച ഏറ്റവും പുതിയ സ്ഥിതിവിവരം ഇതോടൊപ്പം ചേർക്കുന്നു:

| ക്രമ നമ്പർ | സർവ്വകലാശാല | വാർഷിക റിപ്പോർട്ട് | | വാർഷിക കണക്കുകൾ | | പരാമർശം (വാർഷിക കണക്കുകൾ ഓഡിറ്റ് ചെയ്യാത്തത്) |
|---|---|---|---|---|---|---|
| | | വർഷം | സമർപ്പിച്ച തീയതി | വർഷം | സമർപ്പിച്ച തീയതി | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | കേരള കാർഷിക സർവ്വകലാശാല | 2013-14 | 3-12-2014 | 2007-08 | 3-12-2014 | വാർഷിക കണക്കുകൾ 2008-09 മുതൽ കുടിശ്ശികയാണ് |
| 2 | മഹാത്മാ ഗാന്ധി സർവ്വകലാശാല | 2009-10 | 13-7-2010 | 2008-09 | | വാർഷിക റിപ്പോർട്ട് 2010-11 മുതൽ കുടിശ്ശികയാണ്. വാർഷിക കണക്കുകൾ 2009-10, 2012-13, 2013-14 ലഭിച്ചിട്ടില്ല |
| 3 | കാലിക്കറ്റ് സർവ്വകലാശാല | 2011 | 26-6-2012 | 2010-11 | 12-12-2012 | വാർഷിക റിപ്പോർട്ട് കുടിശ്ശികയില്ല. വാർഷിക കണക്കുകൾ 2013-14 കുടിശ്ശികയാണ് |

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| 4 | കൊച്ചിൻ സർവ്വകലാശാല (കുസാറ്റ്) | 2009-10 | 7-1-2014 | 2006-07 | 17-2-2011 | വാർഷിക റിപ്പോർട്ട് 2012-13, 2013-14 കുടിശ്ശികയാണ്. വാർഷിക കണക്കുകൾ 2004-05, 2007-08, 2008-09, 2010-11, 2011-12, 2012-13, 2013-14 കുടിശ്ശികയാണ് |
| 5 | കണ്ണൂർ സർവ്വകലാശാല | 2013 | 3-12-2014 | 2004-05 | 17-2-2009 | വാർഷിക റിപ്പോർട്ട് 2012 ലഭിച്ചിട്ടില്ല. വാർഷിക കണക്കുകൾ 2006-07 മുതൽ കുടിശ്ശികയാണ് |
| 6 | ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല | 2001-02 | 1-12-2004 | 2002-03 | 25-11-2008 | വാർഷിക റിപ്പോർട്ട് 2002-03 മുതൽ കുടിശ്ശികയാണ്. വാർഷിക കണക്കുകൾ 2003-04 മുതൽ കുടിശ്ശികയാണ് |
| 7 | നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് | 2013-14 | 3-12-2014 | | | വാർഷിക റിപ്പോർട്ട് കുടിശ്ശികയില്ല. വാർഷിക കണക്കുകൾ സഭയിൽ സമർപ്പിച്ചിട്ടില്ല |
| 8 | കേരള സർവ്വകലാശാല | 2013 | 3-12-2014 | 2008-09 | 2-3-2010 | വാർഷിക കണക്കുകൾ 2009-10 മുതൽ കുടിശ്ശികയാണ് |

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| 9 | തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല | 2013-14 | 3-12-2014 | | | 2012-13 വാർഷിക കണക്കുകൾ ഡിലേ സ്റ്റേറ്റ്മെന്റ് ലഭിക്കാത്തതിനാൽ സഭയിൽ സമർപ്പിച്ചിട്ടില്ല. |

15. കേരള കാർഷിക സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല, കേരള സർവ്വകലാശാല, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (NUALS), 2012-ൽ രൂപീകൃതമായ തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല എന്നീ സർവ്വകലാശാലകൾ വാർഷിക റിപ്പോർട്ട് കുടിശ്ശികയില്ലാത്തവിധം സഭയിൽ സമർപ്പിച്ചതിൽ സമിതി ചാരിതാർത്ഥ്യം രേഖപ്പെടുത്തുന്നു. എന്നാൽ മുകളിൽ ചേർത്തിരിക്കുന്ന സ്ഥിതി വിവരങ്ങളിൽനിന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ട ഏറ്റവും ദയനീയമായ വസ്തുത ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകൾ സഭയിൽ സമർപ്പിക്കുന്നതിൽ സർവ്വകലാശാലകൾ തികച്ചും കുറ്റകരമായ അലംഭാവം കാണിക്കുന്നു എന്നതാണ്. പൊതുഖജനാവിൽനിന്നും യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷനിൽനിന്നും മറ്റും സർവ്വകലാശാലകൾക്ക് ലഭിക്കുന്ന ഗ്രാന്റുകൾ വിനിയോഗിക്കുന്നതിൽ വീഴ്ച പറ്റിയിട്ടുണ്ടോ എന്നത് കൂടുതൽ ബോദ്ധ്യപ്പെടുക വാർഷിക കണക്കുകൾ പരിശോധിക്കുമ്പോഴാണ് എന്നതിനാൽ സർവ്വകലാശാലകളുടെ ഈ അനാസ്ഥ സമിതി വളരെ ഗൗരവത്തോടെയാണ് കാണുന്നത്. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ വാർഷിക റിപ്പോർട്ട് 2002-03 മുതലും വാർഷിക കണക്കുകൾ 2003-04 മുതലും കുടിശ്ശികയാണെന്നത് പ്രസ്തുത സർവ്വകലാശാലയുടെ ബന്ധപ്പെട്ട അധികാരികൾ നിയമസഭയോട് കാണിക്കുന്ന തികഞ്ഞ അവഹേളനമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

### I. കേരള കാർഷിക സർവ്വകലാശാല

16. കേരള കാർഷിക സർവ്വകലാശാല നിയമത്തിലെ 47, 57 എന്നീ വകുപ്പുകൾ പ്രകാരമാണ് വാർഷിക കണക്കുകൾ, ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ്, വാർഷിക റിപ്പോർട്ടുകൾ എന്നിവ നിയമസഭയ്ക്ക് മുമ്പാകെ സമർപ്പിക്കുന്നത്. ആയത് ചുവടെ ചേർക്കുന്നു:

*"Section 47:*

The Executive Committee shall submit a copy of accounts and the audit report to the Government along with a statement of the action taken by the University on the audit report, and the Government shall cause the same to be laid before the Legislative Assembly.

*Section 47 (4) :*

The Executive Committee shall submit a copy of the accounts and audit report to the Government along with a statement of action taken by the University on the Audit Report for the financial year ending on 31st March of the year, on or before the 1st day of March of the succeeding year and on such receipt the Government shall immediately cause the same to be laid on the table of the Legislative Assembly if it is in session and if it is not in session in the next session immediately following such receipt.

*Section 57(2) :*

The General Council shall, after consideration of the annual report ending on 31st March of the year, forward it to the Government with comments as may be deemed necessary on or before the 15th day of September of the succeeding year and the Government shall immediately cause a copy of the report together with its comments to be laid on the table of the Legislative Assembly, if it is in session and if it is not in session on the next session immediately following such receipt".

17. കേരള കാർഷിക സർവ്വകലാശാലയുടെ വാർഷിക റിപ്പോർട്ടുകൾ കുടിശ്ശികയില്ലാത്തവിധം സഭയിൽ സമർപ്പിക്കുന്നുണ്ട് എങ്കിലും വാർഷിക കണക്കുകൾ 2007-08 വരെ മാത്രമേ സഭയിൽ സമർപ്പിച്ചിട്ടുള്ളൂ എന്നതിൽ സമിതി ആശങ്ക രേഖപ്പെടുത്തുന്നു. ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളുടെ സമർപ്പണത്തിൽ കുടിശ്ശിക വരുത്തിയതുമായി ബന്ധപ്പെട്ട് 23-9-2014-ൽ നടന്ന തെളിവെടുപ്പ് യോഗത്തിൽ കേരള കാർഷിക സർവ്വകലാശാലയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും സമിതി തെളിവെടുപ്പ് നടത്തിയിരുന്നു.

18. കേരള കാർഷിക സർവ്വകലാശാലയുടെ 2008-09-ലെ വാർഷിക കണക്കുകൾ ഓഡിറ്റിനുശേഷം പ്രിന്റ് ചെയ്തു കഴിഞ്ഞു എന്നും സെക്ഷൻ 47 പ്രകാരം എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും ജനറൽ കൗൺസിലിന്റെയും അംഗീകാരത്തോടുകൂടി മാത്രമേ നിയമസഭയിൽ സമർപ്പിക്കാൻ കഴിയുകയുള്ളൂ എന്നും തെളിവെടുപ്പ് വേളയിൽ ഉദ്യോഗസ്ഥർ വ്യക്തമാക്കി. നവംബർ മാസത്തിലാണ് ജനറൽ കൗൺസിൽ യോഗം ചേരുന്നത് എന്നും പ്രസ്തുത യോഗത്തിനുശേഷം റിപ്പോർട്ട് സമർപ്പിക്കുന്നതാണ് എന്നും അക്കൗണ്ടുകളൊക്കെ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിച്ചിട്ടുണ്ട് എന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് അന്വേഷിച്ചപ്പോൾ 2012 വരെയുള്ള അക്കൗണ്ടുകൾ തയ്യാറായിട്ടുണ്ടെന്നും അത് എത്രയും വേഗം പൂർത്തിയാക്കി സഭയിൽ സമർപ്പിക്കാൻ കഴിയുമെന്നാണ് അറിയിച്ചതെന്നും തുടർന്ന് ഉദ്യോഗസ്ഥർ സമിതി മുൻപാകെ വെളിപ്പെടുത്തിയിരുന്നു. കേരള കാർഷിക സർവ്വകലാശാലയുടെ 2013-14 വരെയുള്ള വാർഷിക റിപ്പോർട്ട് കാലതാമസം വരാതെ സഭയിൽ സമർപ്പിച്ചിട്ടുള്ളതിനാൽ ഇതേ ഗൗരവത്തോടെ കുടിശ്ശികയുള്ള ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളും സഭയിൽ സമർപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

19. സർവ്വകലാശാല ആക്ടിലെ സെക്ഷൻ 47(4) പ്രകാരം സർവ്വകലാശാലയുടെ ഒരു സാമ്പത്തികവർഷത്തെ ഓഡിറ്റ് ചെയ്ത കണക്കുകൾ അടുത്ത സാമ്പത്തികവർഷം മാർച്ച് മാസം ഒന്നാം തീയതിക്കുമുമ്പായി സർക്കാരിൽ സമർപ്പിക്കണമെന്നും സർക്കാർ എത്രയും വേഗം അത് നിയമസഭയിൽ സമർപ്പിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളുടെ കാര്യത്തിൽ സർവ്വകലാശാലയും ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗവും സർവ്വകലാശാല ആക്ടിലെയും ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെയും ബന്ധപ്പെട്ട നിയമങ്ങളിലെ വ്യവസ്ഥകൾ ലംഘിച്ചു കൊണ്ടിരിക്കുകയാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകൾ നിയമസഭയിൽ സമർപ്പിക്കുന്നതിൽ കാലതാമസം വരുത്തിയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ സെക്ഷൻ 9, 10 എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## II. മഹാത്മാ ഗാന്ധി സർവ്വകലാശാല

20. മഹാത്മാ ഗാന്ധി സർവ്വകലാശാലാ ആക്ടിലെ 50, 51 വകുപ്പുകൾ സർവ്വകലാശാലയുടെ വാർഷിക കണക്കുകളും റിപ്പോർട്ടും സർക്കാരിൽ ലഭിച്ചാലുടൻ നിയമസഭയിൽ സമർപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. ആയതിന്റെ പ്രസക്തഭാഗം ചുവടെ ചേർക്കുന്നു:

*"സെക്ഷൻ 50: Annual accounts.*—(1) The annual accounts of the University shall be prepared under the directions of the Syndicate and shall be submitted to the Government for audit.

*സബ്-സെക്ഷൻ (2):* The annual accounts together with the audit report thereon shall be published by the Syndicate and copies of such account and audit report shall be placed before the Senate and submitted to the Government (and the Chancellor).

*സെക്ഷൻ 51 (4):* The Government shall, as soon as the annual accounts and annual report are received, cause the same to be laid on the Table of the State Legislative Assembly".

21. മഹാത്മാ ഗാന്ധി സർവ്വകലാശാലയുടെ 2009-10 വർഷത്തെ വാർഷിക റിപ്പോർട്ട് 13-7-2010-ൽ സഭയിൽ സമർപ്പിച്ചതിനുശേഷമുള്ള വാർഷിക റിപ്പോർട്ടുകളും 2008-09 വർഷം മുതലുള്ള ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളും സഭയിൽ സമർപ്പിച്ചിട്ടില്ല. സർവ്വകലാശാലയുടെ ഭാഗത്ത് നിന്നുമുള്ള നിരുത്തരവാദപരമായ ഇത്തരം സമീപനത്തെ സമിതി അതീവ ഗൗരവത്തോടെയാണ് കാണുന്നത്.

22. മഹാത്മാ ഗാന്ധി സർവ്വകലാശാലയുടെ 2010 മുതലുള്ള വാർഷിക റിപ്പോർട്ടുകൾ കാലതാമസം കൂടാതെ സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കണമെന്നും കുടിശ്ശികയുള്ള ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകൾ സമർപ്പിക്കുന്നതിന് അടിയന്തര പ്രാധാന്യം നൽകി ആയത് എത്രയും പെട്ടെന്ന് സമർപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

23. മഹാത്മാ ഗാന്ധി സർവ്വകലാശാലയുടെ ഓഡിറ്റ് ചെയ്ത കണക്കുകൾ സമയബന്ധിതമായി സഭയിൽ സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് കണ്ടെത്തി അവർക്കെതിരെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ സെക്ഷൻ 9, 10 എന്നിവയിലെ നിർദ്ദേശപ്രകാരമുള്ള ശിക്ഷാനടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## III. കാലിക്കറ്റ് സർവ്വകലാശാല

24. കാലിക്കറ്റ് സർവ്വകലാശാലയെ സംബന്ധിച്ച ആക്ടിലെ 48-ാം വകുപ്പിൽ വാർഷിക കണക്കുകളുടെയും 49-ാം വകുപ്പിൽ വാർഷിക റിപ്പോർട്ടുകളുടെയും സമർപ്പണം സംബന്ധിച്ച പരാമർശങ്ങളാണ് അടങ്ങിയിരിക്കുന്നത്. ആയത് ചുവടെ ചേർക്കുന്നു:

"*സെക്ഷൻ 48: Annual accounts.*—(1) The annual accounts of the University shall be prepared under the directions of the Syndicate and shall be submitted to the Government for audit.

*സബ്-സെക്ഷൻ(2):* The annual accounts together with the audit report there on shall be published by the Syndicate and copies of such accounts and audit report shall be placed before the Senate and submitted to the Government.

*സെക്ഷൻ 49 (4):* The Government shall, as soon as the annual accounts and annual report are received, cause the same to be laid on the table of the State Legislative Assembly".

25. 23-9-2014-ലെ തെളിവെടുപ്പ് യോഗത്തിൽ കാലിക്കറ്റ് സർവ്വകലാശാലയുടെ വാർഷിക റിപ്പോർട്ടുകളും വാർഷിക കണക്കുകളും സഭയിൽ സമർപ്പിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുകയുണ്ടായി.

26. കാലിക്കറ്റ് സർവ്വകലാശാലയിലെ റിപ്പോർട്ടുകൾ നാളിതുവരെയുള്ളത് പൂർത്തിയായിട്ടുണ്ടെന്നും 2011-12 വരെയുള്ള വാർഷിക കണക്കും 2013-14 വരെയുള്ള വാർഷിക റിപ്പോർട്ടും സഭയിൽ സമർപ്പിക്കാനായി ലഭ്യമാക്കിയിട്ടുണ്ടെന്നും കാലിക്കറ്റ് സർവ്വകലാശാല രജിസ്ട്രാർ സമിതി മുൻപാകെ അറിയിച്ചിരുന്നു.

27. സർവ്വകലാശാലയുടെ ഓഡിറ്റ് ചെയ്ത കണക്കുകൾ നിയമസഭയിൽ സമർപ്പിക്കുന്നതിൽ കുടിശ്ശിക വരുത്തുന്നതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ സെക്ഷൻ 9, 10 എന്നിവ പ്രകാരമുള്ള ശിക്ഷാനടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

28. സർവ്വകലാശാലകളുടെ നിയമങ്ങളിൽ വാർഷിക റിപ്പോർട്ടുകളും കണക്കുകളും എത്രയും പെട്ടെന്ന് നിയമസഭയിൽ സമർപ്പിക്കണമെന്നാണ് പറയുന്നത് എന്നതിനാലും ഇതിനായി നിയമങ്ങളിൽ സമയപരിധി നിശ്ചയിച്ചിട്ടില്ലാത്തതിനാലും പല സർവ്വകലാശാലകളും റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാൻ നീതീകരിക്കാനാകാത്തവിധം

കാലതാമസം ഉണ്ടാക്കുന്നുണ്ടെന്നും ഇത് ഒട്ടും ആശാസ്യമല്ല എന്നും സമിതി വിലയിരുത്തുന്നു. കാലിക്കറ്റ് സർവ്വകലാശാലയുടെ കുടിശ്ശികയായിട്ടുള്ള ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## IV. **കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാല (കുസാറ്റ്)**

29. കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാല ശാസ്ത്ര-സാങ്കേതിക മേഖലയിൽ പഠന-ഗവേഷണ സംരംഭങ്ങൾക്ക് നേതൃത്വം നൽകിവരുന്ന കേരളത്തിലെ ഉന്നതമായ സ്ഥാപനങ്ങളുടെ ഗണത്തിൽപ്പെടുന്നതാണ്. എന്നാൽ പേരിനും പെരുമയ്ക്കും ഇണങ്ങുന്ന രീതിയിലുള്ള ഒരു പ്രവർത്തനം സഭയിൽ സമർപ്പിക്കേണ്ട വാർഷിക റിപ്പോർട്ടുകളും കണക്കുകളും ലഭ്യമാക്കുന്നതിൽ സർവ്വകലാശാലയിൽനിന്ന് ഉണ്ടാകുന്നില്ലെന്ന് സമിതി വിലയിരുത്തുന്നു. സർവ്വകലാശാലയുടെ വാർഷിക കണക്കുകൾ 2005-06 മുതലുള്ളത് കുടിശ്ശികയാണെന്നും വാർഷിക റിപ്പോർട്ടുകൾ 2011-12 വരെയുള്ളത് മാത്രമേ സഭയിൽ സമർപ്പിച്ചിട്ടുള്ളുവെന്നതും ഇതിന് തെളിവാണെന്ന് സമിതി ചൂണ്ടിക്കാട്ടി. സർവ്വകലാശാലയുടെ ഇത്തരം നടപടികൾ ഗുരുതരമായ കൃത്യവിലോപമാണെന്നും നിയമസഭയോടും സാമാജികരോടും കാണിക്കുന്ന തികഞ്ഞ അനാദരവായി മാത്രമേ ഇത്തരം പ്രവൃത്തികൾ കാണാൻ സാധിക്കൂ എന്നും സമിതി അഭിപ്രായപ്പെടുന്നു. സർവ്വകലാശാലയുടെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളും സഭയിൽ സമർപ്പിക്കാൻ കൃത്യമായ ഒരു സമയപരിധി സർവ്വകലാശാല നിയമങ്ങളിൽ നിശ്ചയിച്ചിട്ടില്ല എന്നത് ഒരു പഴുതായി കാണരുതെന്നും ഉത്തരവാദപ്പെട്ട സ്ഥാനത്തിരിക്കുന്നവർ ഇതിൽ പ്രത്യേകം ശ്രദ്ധ ചെലുത്തണമെന്നും സമിതി അഭിപ്രായപ്പെടുന്നു. സർവ്വകലാശാലയുടെ നിയമങ്ങളിൽ ഓഡിറ്റ് ചെയ്ത കണക്കുകൾ നിയമസഭയിൽ സമർപ്പിക്കുന്നതിന് സമയക്ലിപ്തത വരുത്തിയിട്ടില്ലെങ്കിലും ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വ്യവസ്ഥകൾ കുസാറ്റിനും ബാധകമാണെന്നും ഈ വ്യവസ്ഥകൾ അനുസരിച്ച് സർവ്വകലാശാലയുടെ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിൽ കുടിശ്ശിക വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

30. സർവ്വകലാശാലയുടെ വാർഷിക കണക്കുകൾ സഭയിൽ സമർപ്പിക്കുന്നതിൽ ഗുരുതരമായ വീഴ്ച ഉണ്ടായിട്ടുണ്ടെന്നും ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളും വാർഷിക റിപ്പോർട്ടുകളും സമയബന്ധിതമായി സഭയുടെ മേശപ്പുറത്തുവയ്ക്കാൻ ലഭ്യമാക്കുന്നതിന് ഒരു ആക്ഷൻ പ്ലാൻ രൂപീകരിച്ച് അടിയന്തരമായി നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## V. **കണ്ണൂർ സർവ്വകലാശാല**

31. സർവ്വകലാശാലയുടെ വാർഷിക കണക്കുകളും വാർഷിക റിപ്പോർട്ടും ഗവൺമെന്റിൽ ലഭ്യമായാലുടൻ നിയമസഭയിൽ സമർപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ 2013-ലെ വാർഷിക റിപ്പോർട്ട് സഭയിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും 2012-ലെ വാർഷിക റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല. സർവ്വകലാശാലയുടെ ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകൾ സഭയിൽ സമർപ്പിക്കുന്നതിൽ സർവ്വകലാശാല ബഹുദൂരം പിന്നിലാണെന്ന് സമിതി മനസ്സിലാക്കുന്നു.

32. കണ്ണൂർ സർവ്വകലാശാലയുടെ 2011-ലെ വാർഷിക റിപ്പോർട്ട് 2-5-2012-നും 2012-ലെ വാർഷിക റിപ്പോർട്ട് 12-7-2013-നും 2013-ലെ വാർഷിക റിപ്പോർട്ട് 4-7-2014-നും അയച്ചിട്ടുണ്ടെന്നും 2010-11, 2011-12 എന്നീ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് 30-4-2014-ന് ഉന്നത വിദ്യാഭ്യാസ വകുപ്പിന് അയച്ചിട്ടുണ്ടെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് ഡയറക്ടർ 23-10-2014-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതിയെ അറിയിച്ചിരുന്നു.

33. വാർഷിക കണക്കുകൾ നിയമസഭയിൽ സമർപ്പിക്കുന്നതിൽ അകാരണമായ കാലതാമസമാണ് ഉണ്ടായിരിക്കുന്നതെന്നും ഇത് ഒരു തരത്തിലും അംഗീകരിക്കാനാവി ല്ലെന്നും സമിതി അഭിപ്രായപ്പെടുന്നു. കുടിശ്ശികയായിട്ടുള്ള വാർഷിക റിപ്പോർട്ടുകളും ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളും എത്രയും പെട്ടെന്ന് സഭയിൽ സമർപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34. കണ്ണൂർ സർവ്വകലാശാലയുടെ ഓഡിറ്റ് ചെയ്ത കണക്കുകൾ യഥാസമയം സഭയിൽ സമർപ്പിക്കാൻ സാധിക്കാതിരുന്നത് ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ സെക്ഷൻ 9, 10 എന്നിവയിലെ നടപടിക്രമങ്ങൾ പാലിക്കാതിരുന്നതിനാലാണെന്ന് വിലയിരുത്തിയ സമിതി ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരെ കണ്ടെത്തി അവർക്കെതിരെ പ്രസ്തുത ആക്ടിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരമുള്ള നടപടികൾ സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

35. നിയമസഭയിൽ സമർപ്പിക്കാനായി കുടിശ്ശികയുള്ള കണ്ണൂർ സർവ്വകലാശാലയുടെ വാർഷിക റിപ്പോർട്ട്, ഓഡിറ്റ് ചെയ്ത കണക്കുകൾ എന്നിവ സമയബന്ധിതമായി നിയമസഭയിൽ സമർപ്പിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## VI. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

36. എറണാകുളം ജില്ലയിലെ കാലടി ആസ്ഥാനമായി 1993-ലാണ് ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല സ്ഥാപിതമായത്. ഭാഷയുടെയും സാഹിത്യത്തിന്റെയും പഠന ത്തിലൂടെ നമ്മുടെ തനതായ സംസ്കാരവും പൈതൃകവും ഉയർത്തിപ്പിടിക്കുക എന്ന മഹത്തായ ലക്ഷ്യത്തിനായി സ്ഥാപിതമായ സ്ഥാപനത്തിന്റെ ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളും വാർഷിക റിപ്പോർട്ടുകളും സഭയിൽ സമർപ്പിക്കേണ്ടതാണ്.

37. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ വാർഷിക റിപ്പോർട്ടുകളും വാർഷിക കണക്കുകളും സഭയിൽ സമർപ്പിക്കുന്നതിൽ ഗുരുതരമായ വീഴ്ച ഉണ്ടായതായി സമിതി മനസ്സിലാക്കുന്നു. 2002-03 മുതൽ 2013-14 വരെയുള്ള പന്ത്രണ്ട് വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകളും 2003-2004 മുതൽ 2013-2014 വരെയുള്ള പതിനൊന്ന് വർഷങ്ങളിലെ ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളും ഇനിയും സഭയിൽ സമർപ്പി ക്കാനുണ്ട് എന്നുള്ളത് ഒരു തരത്തിലും നീതികരിക്കാനാവാത്ത വീഴ്ചയാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. പൊതുഖജനാവിൽനിന്നും ഭീമമായ സംഖ്യ വാങ്ങി ചെലവാക്കിയ ശേഷം അതിന്റെ കണക്കുകൾ നിയമസഭയിൽ സമർപ്പിക്കുന്ന കാര്യത്തിൽ ഈ വിധം കുടിശ്ശിക വരുത്തിയിട്ടുള്ളത് കുറ്റകരമായ കൃത്യവിലോപമാണെന്നും നിയമസഭയുടെ

അവകാശങ്ങളുടെ ലംഘനമാണെന്നും ഇക്കാര്യങ്ങൾ അടിയന്തരമായി അന്വേഷണ വിധേയമാക്കി ഉത്തരവാദികളായവർക്കെതിരെ നിയമാനുസൃതമുള്ള ശിക്ഷാനടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

38. വാർഷിക റിപ്പോർട്ടുകളും ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളും അടിയന്തരമായി സഭയിൽ സമർപ്പിക്കാനാവശ്യമായ ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കി ആയത് ഒരു മാസത്തിനകം സമിതിയെ അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## VII. നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്(NUALS)

39. നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിന്റെ വാർഷിക റിപ്പോർട്ടുകൾ കുടിശ്ശികയില്ലാത്തവിധം സഭയിൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകൾ ഇതുവരെ സഭയിൽ സമർപ്പിച്ചിട്ടില്ല എന്നത് സമിതി വളരെ ഗൗരവത്തോടെയാണ് കാണുന്നത്. നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് എന്നത് മറ്റ് സർവ്വകലാശാലകളെപ്പോലെയല്ല എന്നും അവർ നിയമങ്ങൾ എന്താണെന്ന് വിലയിരുത്തുന്നവരാണെന്നും അതനുസരിച്ച് പ്രവർത്തിക്കാൻ ബാദ്ധ്യതയുള്ളവരാണെന്നും വിലയിരുത്തിയ സമിതി നിയമസഭ പാസ്സാക്കി അനുവദിച്ച് തരുന്ന തുക വിനിയോഗിക്കുമ്പോൾ അതു സംബന്ധിച്ച കണക്ക് സഭയെ അറിയിക്കാൻ ബാദ്ധ്യസ്ഥരാണെന്ന് മനസ്സിലാക്കാതിരുന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. NUALS-നെ സംബന്ധിച്ച ആക്ടിൽ ഓഡിറ്റ് ചെയ്ത കണക്കുകൾ സമർപ്പിക്കുന്നത് സംബന്ധിച്ച വ്യവസ്ഥ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ട ബാദ്ധ്യത നിയമ സർവ്വകലാശാല എന്ന നിലയിൽ സർവ്വകലാശാലയ്ക്കുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ഇതിനായി NUALS നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

40. സർവ്വകലാശാലയുടെ കുടിശ്ശിക വരുത്തിയിട്ടുള്ള ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകൾ സഭയിൽ സമർപ്പിക്കുന്നതിന് അടിയന്തരമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## VIII. കേരള സർവ്വകലാശാല

41. കേരള സർവ്വകലാശാലയുടെ വാർഷിക റിപ്പോർട്ടുകൾ കുടിശ്ശികയില്ലാത്തവിധം നിയമസഭയിൽ സമർപ്പിക്കുന്നതിനായി ലഭിച്ചിട്ടുണ്ട്. എന്നാൽ സർവ്വകലാശാലയുടെ ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകൾ 2009-10 മുതൽ കുടിശ്ശികയാണ്. ഗവൺമെന്റിന്റെ ഗ്രാന്റുകൊണ്ട് പ്രവർത്തിക്കുന്ന ഒരു സ്ഥാപനത്തിന്റെ സാമ്പത്തിക കാര്യങ്ങളെക്കുറിച്ചറിയാൻ നിയമസഭയ്ക്കും ജനങ്ങൾക്കും അവകാശമുണ്ടെന്നും അത് അറിയിക്കേണ്ട ധാർമികവും നിയമപരവുമായ ഉത്തരവാദിത്വം സർവ്വകലാശാലയ്ക്കും ബന്ധപ്പെട്ട വകുപ്പിനുമുണ്ടെന്നും സമിതി അഭിപ്രായപ്പെടുന്നു. പൊതുഖജനാവിൽ നിന്നും സർവ്വകലാശാലയുടെ ദൈനംദിന പ്രവൃത്തികൾക്ക് അനുവദിച്ച് തരുന്ന ഗ്രാന്റുകൾ കൃത്യമായും ശരിയായ രീതിയിലുമാണോ വിനിയോഗിച്ചിട്ടുള്ളത് എന്നറിയാൻ വാർഷിക കണക്കുകൾ സമയബന്ധിതമായി സഭയിൽ സമർപ്പിക്കേണ്ടതുണ്ടെന്നും വർഷങ്ങളോളം ഡിലേ വരുത്തി ഇത് സമർപ്പിച്ചാൽ

ആയതിന്റെ ശരിയായ ഉദ്ദേശ്യം നടപ്പിലാക്കാൻ സാധിക്കാതെ വരുമെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ കുടിശ്ശികയുള്ള ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകൾ കൂടി സമയബന്ധിതമായി സഭയിൽ സമർപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

42. കണക്കുകൾ ഓഡിറ്റ് ചെയ്ത് നിയമസഭയിൽ സമർപ്പിക്കുന്നതിൽ കുടിശ്ശിക വരുത്തുന്നതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരെ കണ്ടെത്തി ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിൽ നിർദ്ദേശിച്ചിട്ടുള്ളവിധം ശിക്ഷാ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## IX. തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല

43. തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയുടെ 2013-14-ലെ വാർഷിക റിപ്പോർട്ട് സഭയിൽ സമർപ്പിച്ചിട്ടുണ്ട്. പുതുതായി രൂപീകരിച്ച പ്രസ്തുത സർവ്വകലാശാലയെ വളരെ താൽപ്പര്യത്തോടു കൂടിയാണ് നിരീക്ഷിക്കുന്നതെന്ന് അഭിപ്രായപ്പെട്ട സമിതി സർവ്വകലാശാലയുടെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളും കുടിശ്ശികയാവാതെ ശ്രദ്ധിക്കണമെന്നും 1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ ബന്ധപ്പെട്ട വകുപ്പുകളനുസരിച്ച് കണക്കുകൾ സഭയിൽ സമർപ്പിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിക്കുന്നു.

## പൊതു ശിപാർശകൾ

44. ഭൂരിപക്ഷം സർവ്വകലാശാലകളും വർഷങ്ങൾ കഴിഞ്ഞതിനുശേഷമാണ് വാർഷിക കണക്കുകൾ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്നതെന്നും ഗവൺമെന്റിന്റെ സഞ്ചിത നിധിയിൽനിന്നും സർവ്വകലാശാലകൾക്ക് അനുവദിക്കുന്ന തുക ശരിയായ രീതിയിലാണോ വിനിയോഗിച്ചത് എന്നത് വിലയിരുത്തുക എന്ന മഹത്തായ ലക്ഷ്യത്തോടു കൂടിയാണ് ഇങ്ങനെയൊരു വ്യവസ്ഥ നിയമത്തിൽ അനുശാസിക്കുന്നതെന്നും സമിതി അഭിപ്രായപ്പെടുന്നു. എന്നാൽ നിർഭാഗ്യവശാൽ വൈകി ലഭിക്കുന്ന റിപ്പോർട്ടുകൾ കൊണ്ട് "റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു" എന്നതിലുപരിയായി ഒരു പ്രയോജനവും ലഭിക്കുന്നില്ല എന്നതിനാൽ റിപ്പോർട്ടുകൾ കൃത്യനിഷ്ഠയോടുകൂടി സഭയിൽ സമർപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

45. സർവ്വകലാശാലകളുടെ വാർഷിക റിപ്പോർട്ടുകളും കണക്കുകളും ഓഡിറ്റ് ചെയ്ത് നിയമസഭയിൽ സമർപ്പിക്കുന്നതിന് കൃത്യമായ ഒരു സമയപരിധി നിശ്ചയിക്കണമെന്നും ആയതിനാവശ്യമായ ഭേദഗതികൾ സർവ്വകലാശാല നിയമത്തിൽ വരുത്തണമെന്നും സമിതിയുടെ മുൻകാല റിപ്പോർട്ടുകളിൽ നിരന്തരമായി ആവശ്യപ്പെട്ടിരുന്നു. ഇത്തരം ഒരു സമയ പരിധി നിശ്ചയിക്കുന്നത് സർവ്വകലാശാലകളുടെ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാൻ ലഭ്യമാകുന്നതിൽ ഗണ്യമായ പുരോഗതി ഉണ്ടാക്കുമെന്നും സമിതി മനസ്സിലാക്കുന്നു. എന്നാൽ നിയമവകുപ്പ് ഇക്കാര്യത്തിൽ ആശാവഹമായ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല എന്നത് ആശങ്കാജനകമാണെന്നും പുതുതായി രൂപീകരിച്ച മലയാള സർവ്വകലാശാല നിയമത്തിൽ പോലും ഈ വ്യവസ്ഥ ഉൾപ്പെടുത്താത്തത് നിയമവകുപ്പിന്റെ അനാസ്ഥയാണെന്നും

സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിന് സമയപരിധി നിശ്ചയിക്കുന്നതിന് ആവശ്യമായ നിയമഭേദഗതി വരുത്തണമെന്ന് സമിതി വീണ്ടും ശിപാർശ ചെയ്യുന്നു.

46. ഓരോ സർവ്വകലാശാലയ്ക്കും ഉദ്ദേശ്യങ്ങൾ, ലക്ഷ്യങ്ങൾ എന്നിവ വ്യത്യസ്തമാണെങ്കിലും ഭരണപരമായ കാര്യങ്ങൾക്ക് ഒരു പൊതുവായ രീതി ഉണ്ടെന്നും ആയതിനാൽ സർവ്വകലാശാലകളുടെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിനും ഒരു പൊതുവായ നടപടിക്രമം അനിവാര്യമാണെന്നും സമിതി അഭിപ്രായപ്പെടുന്നു.

47. എല്ലാ സർവ്വകലാശാലയിലും ഇ-ഗവേണൻസ് നടപ്പാക്കുന്നതിനായി സോഫ്റ്റ്‌വെയർ തയ്യാറാക്കി ഏൽപ്പിച്ചിട്ടുണ്ടെന്നും അതിനാവശ്യമായ ഹാർഡ്‌വെയർ വാങ്ങുന്നതിനാവശ്യമായ സഹായം സർക്കാർ നൽകിയിട്ടുണ്ടെന്നും ഇതിന്റെ നടപടികൾ ഏതാനും സർവ്വകലാശാലകളിൽ ആരംഭിച്ചിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. സർവ്വകലാശാലകളുടെ അക്കൗണ്ട്സ് മാത്രമല്ല എല്ലാ കാര്യങ്ങളും കൈകാര്യം ചെയ്യുവാൻ സാധിക്കുന്ന തരത്തിൽ ഈ സംവിധാനം അടിയന്തരമായി പൂർത്തീകരിക്കേണ്ടതുണ്ട്. ആവശ്യമായ സൗകര്യങ്ങൾ സർക്കാർ നൽകിയിട്ടും മനഃപൂർവമായി ഉണ്ടാക്കുന്ന കാലതാമസം ഒഴിവാക്കി സർവ്വകലാശാലകളിൽ സമയബന്ധിതമായി കമ്പ്യൂട്ടർവല്ക്കരണം പൂർത്തിയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

48. സർവ്വകലാശാലകളുടെ നിലനിൽപ്പിന്റെയും കാലഘട്ടത്തിന്റെ അനിവാര്യ ഘടകവുമായ കമ്പ്യൂട്ടറൈസേഷന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ പ്രത്യേക ശ്രദ്ധ ചെലുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

49. നിയമസഭ പാസ്സാക്കി അനുവദിച്ച് നൽകുന്ന വിഹിതം എങ്ങനെ ഓരോ വർഷവും സർവ്വകലാശാലകൾ വിനിയോഗിക്കുന്നുവെന്ന് പരിശോധിക്കുവാൻ ധനകാര്യ വകുപ്പിന് ഉത്തരവാദിത്വവും അവകാശവുമുണ്ട്. പ്രസ്തുത ഉത്തരവാദിത്വം ധനകാര്യ വകുപ്പ് നിർവ്വഹിക്കുന്നുണ്ടോ എന്ന് സമിതി സംശയിക്കുന്നു. ധനകാര്യ വകുപ്പ് അതിനുള്ള അധികാരം വിനിയോഗിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ കർത്തവ്യം സമയബന്ധിതമായി പൂർത്തിയാക്കാനുള്ള അധികാരം വിനിയോഗിക്കുകയാണെങ്കിൽ സർവ്വകലാശാലകളുടെ ഓഡിറ്റ് ചെയ്ത കണക്കുകൾ നിയമസഭയിൽ സമർപ്പിക്കുന്നതിൽ ഇപ്പോൾ കാണുന്ന വീഴ്ച ഒരു പരിധിവരെ ഒഴിവാക്കാൻ സാധിക്കുമെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ സഞ്ചിതനിധിയിൽനിന്നും കോടിക്കണക്കിന് രൂപ വകയിരുത്തി നൽകുന്ന കേരളത്തിലെ സർവ്വകലാശാലകളുടെ ഓഡിറ്റ് ചെയ്ത കണക്കുകൾ യഥാസമയം നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കാനാവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകി ധനകാര്യ വകുപ്പ് തങ്ങളുടെ ഉത്തരവാദിത്വം നിറവേറ്റണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

50. റിപ്പോർട്ടുകൾ ആമുഖ കത്തോടുകൂടിയാണ് നിയമസഭയിൽ സമർപ്പിക്കാനായി ലഭ്യമാക്കേണ്ടതെന്നും എന്നാൽ പല വകുപ്പുകളും അപ്രകാരം ചെയ്യാറില്ലെന്നും അത് ഭരണ

വകുപ്പുകളുടെ പോരായ്മയെയാണ് കാണിക്കുന്നതെന്നും സമിതി നിരീക്ഷിക്കുന്നു. സഭയിൽ സമർപ്പിക്കേണ്ട റിപ്പോർട്ടുകൾ നടപടിക്രമം പാലിച്ച് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. ഓഡിറ്റ് റിപ്പോർട്ട് സഹിതമുള്ള വാർഷിക കണക്കുകളും വാർഷിക റിപ്പോർട്ടുമാണ് സഭയിൽ സമർപ്പിക്കേണ്ടതെങ്കിലും പലപ്പോഴും പല വകുപ്പുകളും ഓഡിറ്റ് ചെയ്യാത്ത വാർഷിക കണക്കുകൾ മാത്രമാണ് സഭയിൽ സമർപ്പിക്കാനായി ലഭ്യമാക്കാറുള്ളത്. ഭരണ വകുപ്പുകൾ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്നും നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഓഡിറ്റ് ചെയ്ത കണക്കുകൾ സഭയിൽ സമർപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

51. സമിതിയുടെ തെളിവെടുപ്പ് യോഗങ്ങളിൽ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥർ ഹാജരാകാതിരിക്കുകയോ കീഴ് ഉദ്യോഗസ്ഥരെ നിയോഗിക്കുകയോ ചെയ്യുന്ന പ്രവണത കാണുന്നു. ഇത്തരം പ്രവണതകൾ ആവർത്തിക്കാതിരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി യോഗങ്ങളിൽ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥർ തന്നെ ഹാജരാകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

52. സർവ്വകലാശാലകളുടെ വാർഷിക റിപ്പോർട്ടുകളും വാർഷിക കണക്കുകളും സഭയിൽ സമർപ്പിക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിനായി ഒരു രജിസ്റ്റർ ബന്ധപ്പെട്ട വകുപ്പ് സൂക്ഷിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ജോസ് തെറ്റയിൽ,
*ചെയർമാൻ,*
*മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2014 ഡിസംബർ 15.